10. കെ.എസ്.ഡി.പി
11. ഓൻകോ പോളിമർ
12. ലിസി ഹോസ്പിറ്റൽ
13. മോഡേൺ ഫാർമ
14. കൊക്കാട്.
15. മുരുകൻ ഫാർമ
16. നൈസ് കെമിക്കൽസ്
17. പി.സി.റ്റി.
18. സാൻസ്
19 സാൻഗ്രോസ്
20. റ്റി.ഡി. ഫാർമ
21. ട്രിനിറ്റി ഫാർമ
22. വൈശാലി ഫാർമ
23. ഐ.വി. ലിംഗ്സ്.
24. എസ്.യു.പി.
25. സ്റ്റേർലിംഗ്

പ്രസ്തുത സ്ഥാപനങ്ങൾക്കു എല്ലാംകൂടി ഏകദേശം ഏഴു കോടിയോളം രൂപ നൽകാനുണ്ട്.

കാലവർഷക്കാലത്തെ സാംക്രമികരോഗം തടയുവാൻ നടപടി

27 (*177)ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കാലത്തെ സാംക്രമിക രോഗബാധ തടയാൻ എന്തെങ്കിലും പ്രതിരോധ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്.

(ബി) കാലവർഷക്കാലത്തെ സാംക്രമികരോഗബാധ തടയുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർ ആഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മോണിറ്ററിംഗ് സെൽ ആരംഭിച്ചിട്ടുണ്ട്. ഇവിടെ നിന്നും അപ്പപ്പോൾ കിട്ടുന്ന വിവരം അനുസരിച്ച് ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകി വരുന്നു. മലിന ജലത്തിലൂടെ പകരുന്ന കോളറ, വയറിളക്കം, മഞ്ഞപ്പിത്തം, സന്നിപാതജ്വരം എന്നീ രോഗങ്ങൾക്കെതിരെ പൊതുജനങ്ങൾ അതീവ ജാഗ്രത പുലർത്താൻ അഭ്യർത്ഥിച്ചിട്ടുണ്ട്. മഴക്കാലത്ത് ഉണ്ടാകുന്ന ജലജന്യരോഗങ്ങൾ കണക്കിലെടുത്ത് ലഭ്യമായ എല്ലാ ജലസ്രോതസ്സുകളും ക്ലോറിനേഷൻ ചെയ്യുവാൻ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട്, ആലപ്പുഴ, ജില്ലകളിൽ വെള്ളം പരിശോധനക്കുള്ള കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കാനുപയോഗിക്കുക, കിണറുകൾ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിക്കുക, തുറസ്സായ സ്ഥലങ്ങളിൽ മലവിസർജ്ജനം ചെയ്യാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുവാൻ ജനങ്ങളെ ബോധവൽക്കരിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ജില്ലകളിൽ ടാസ്ക് ഫോഴ്സുകളുടെ സേവനം എത്തിക്കുവാനും ആവശ്യം വേണ്ട ജീവൻരക്ഷ മരുന്നുകളും ഒ.ആർ.എസ്. പായ്ക്കറ്റുകൾ, ഐ.വി.ഫ്ളൂയിഡ്, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവയുടെ കരുതൽ ശേഖരവും ഉറപ്പുവരുത്തുവാനും എല്ലാ ജില്ലാമെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റിലീഫ് ക്യാംപുകളിൽ വൈദ്യ ശുശ്രൂഷ നൽകുവാൻ വേണ്ട ഡോക്ടർമാരെ നിയോഗിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളുടെ കമ്മൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയും മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന സംസ്ഥാന പി.ഇ.ഐ. യിലെയും, റീജിയണൽ സെല്ലുകൾ വഴിയും കാലവർഷ സാംക്രമിക രോഗങ്ങൾ തടയുവാനുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ സാംക്രമിക രോഗത്തിനും വേണ്ട പ്രോട്ടോക്കാൾ തയ്യാറാക്കി നൽകിവരുന്നു. ആവശ്യമായ മരുന്നുകൾ, ഐ.വി.സെറ്റുകൾ, ഐ.വി. ഫ്ളൂയിഡ്, ഒ.ആർ.എസ്. പായ്ക്കറ്റുകൾ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവ ആവശ്യമായ അളവിൽ സംഭരിച്ചിട്ടുണ്ട്. ഇതുകൂടാതെ ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ പൊതുജനങ്ങൾക്കായി നടത്തിവരുന്നു.

പൊതുമാപ്പു ലഭിച്ച പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

28 (*178)ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ പൊതുമാപ്പു പ്രഖ്യാപിച്ചതുമൂലം നാട്ടിലേയ്ക്ക് മടങ്ങേണ്ട പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികൾക്ക് കുറഞ്ഞ നിരക്കിൽ വിമാന ടിക്കറ്റുകൾ നൽകാനും പാസ്പോർട്ട് നഷ്ടപ്പെട്ടവർക്ക് ഔട്ട് പാസ് നൽകി സഹായിക്കാനും നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമാപ്പിനെത്തുടർന്ന് നാട്ടിലേക്ക് മടങ്ങേണ്ട എത്ര മലയാളികൾ സൗദി അറേബ്യയിലുണ്ടെന്ന് അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രവാസി മലയാളികളെ സഹായിക്കാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇത് സംബന്ധിച്ച വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly